LIBRARY ARCHIVES Kerala Legislative Assembly

5. SCADA (Supervisory Control and Data Acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജല വിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഗ്രണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുന്നതോടൊപ്പം കുടിവെള്ള പദ്ധതികളുടെ റിങ്ങ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽ നിന്നുള്ള വരവ് ചെലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. അവസാനമായി താരീഫ് പുതുക്കിയത് 2014-ൽ ആണ്. 1-10-2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഈ വർദ്ധനവ് കൊണ്ട് കേരള ജല അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സാധിച്ചില്ല. ജല ജീവൻ മിഷൻ പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം 29.38 ലക്ഷം കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ജൽ ജീവൻ മിഷൻ

232(538) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ജൽ ജീവൻ മിഷൻ (ജെ.ജെ.എം.) പദ്ധതികളുടെ പുരോഗതി വിശദീകരിക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതി വിഭാവനം ചെയ്ത് മൂന്ന് പഞ്ചായത്തുകളിലുമായി 19038 വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 17051 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആനക്കയം

പഞ്ചായത്തിൽ 6306 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 2653 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ നിന്ന് 1255 കണക്ഷനുകൾ നാളിതുവരെ നല്കിയിട്ടുണ്ട്. കോട്ടൂർ പഞ്ചായത്തിൽ 1380 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 407 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ നിന്ന് 184 കണക്ഷനുകൾ നാളിതുവരെ നല്കിയിട്ടുണ്ട്.

(ബി) പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ സമഗ്ര കുടിവെള്ള പദ്ധതി, കോട്ടൂർ പഞ്ചായത്ത് കുടിവെള്ള പദ്ധതി എന്നിവയ്ക്ക് സംസ്ഥാനതല കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം അംഗീകാരം നൽകുമോ?

അംഗീകാരം നൽകിയിട്ടില്ല. മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ കുടിവെള്ള പദ്ധതിക്കും കോട്ടൂർ പഞ്ചായത്തിൽ അധികമായി 4536 കുടിവെള്ള കണക്ഷനുകൾകൂടി നല്കുന്നതിനുവേണ്ടിയുള്ള പദ്ധതിക്കും സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂടുതൽ ചെറുകിട കുടിവെള്ള പദ്ധതികളും ഗാർഹിക കണക്ഷനുകളും ജെ.ജെ.എം. പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി, ആനക്കയം പഞ്ചായത്തിലെ പദ്ധതി എന്നിവ കൊണ്ട് മേൽപ്പറഞ്ഞ പഞ്ചായത്തിലെ എല്ലാ വീടുകളിലും 2024-ഓടുകൂടി കുടിവെള്ളം എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

233(539) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെയും കോട്ടക്കൽ നഗരസഭയിലെയും കുടിവെള്ള പദ്ധതി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറത്തിനും സമീപ പഞ്ചായത്തുകൾക്കുമായി ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങളുടെ ഡിസൈൻ തയ്യാറാക്കുമ്പോൾ കോട്ടക്കൽ മുനിസിപ്പാലിറ്റിക്ക് പ്രതിദിനം 15 MLD വെള്ളം നൽകുന്നത് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറായി

LIBRARY ARCHIVES Kerala Legislative Assembly